# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 20 18-03-2013-ന് മറുപടി നൽകേണ്ടത്

## കേന്ദ്ര ബജറ്റ് വഴി ആവശ്യങ്ങൾ നേടിയെടുക്കുന്നതിലെ വീഴ്ച

**ചോദ്യം**

ശ്രീ. റ്റി.വി. രാജേഷ്

,, എം.എ. ബേബി

,, എ.കെ. ബാലൻ

,, കെ. സുരേഷ് കുറുപ്പ്

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കേന്ദ്ര ബജറ്റ് വഴി നേടിയെടുക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ സംസ്ഥാനത്തെ എം.പി.മാരിൽനിന്ന് തന്നെ ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ; | (എ) | സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടില്ല. |
| (ബി) | സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാൻ എം.പി.മാരുടെ യോഗം വിളിച്ചുചേർത്തത് ബജറ്റ് അവതരണത്തിന് തൊട്ടു മുമ്പ് മാത്രമായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തിൽ നിന്നുള്ള ഏതെങ്കിലും കേന്ദ്ര മന്ത്രിമാർ ഈ യോഗത്തിൽ പങ്കെടുക്കുകയുണ്ടായോ; | (ബി) | നിയമസഭാ സമ്മേളനം നടന്നിരുന്ന സാഹചര്യമായതിനാലാണ് എം.പി.മാരുടെ യോഗം 19-02-2013-ന് വിളിച്ചു ചേർത്തത്. സംസ്ഥാനത്തിൽനിന്നുള്ള കേന്ദ്ര മന്ത്രിമാരിൽ ശ്രീ. കെ.സി. വേണുഗോപാൽ (കേന്ദ്ര വ്യോമയാന സഹമന്ത്രി), ശ്രീ. കൊടിക്കുന്നിൽ സുരേഷ് (കേന്ദ്ര തൊഴിൽ വകുപ്പ് സഹമന്ത്രി) എന്നിവർ പങ്കെടുത്തു. |
| (സി) | സംസ്ഥാനത്ത് നിന്നുള്ള എം.പി.മാർ ഒറ്റക്കെട്ടായി സംസ്ഥാനത്തിന്റെ ആവശ്യം ഉന്നയിക്കുന്ന സ്ഥിതി ഉണ്ടാകാതെ പോയ സാഹചര്യം എന്തായിരുന്നു? | (സി) | സംസ്ഥാനത്തിന്റെ പൊതു ആവശ്യങ്ങൾക്ക് എം.പി.മാർ ഒറ്റക്കെട്ടായിത്തന്നെയാണ് ആവശ്യങ്ങൾ ഉന്നയിക്കുന്നത് |

സെക്ഷൻ ഓഫീസർ